KSEB

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയം
ആറാം നില , വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം - 695 004, കേരളം
ഫോൺ :+91 471 2514472 2514527 2514455 2514608
ഇ- മെയിൽ :pokseb@gmail.com

No. PS1 (B)/Circular/2021-22 /21 തീയതി: 18.01.2022

വിഷയം :- കോവിഡ്-19 – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന - 18.01.2022 ൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ കോവിഡ് അവലോകന യോഗ തീരുമാനം.

1. മേൽ സൂചിപ്പിച്ച അവലോകന യോഗത്തിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് നിരവധി ഡിസ്ട്രിബ്യൂഷൻ സർക്കിളുകളിലെയും വൈദ്യുതി ഭവനിലേയും കെ.എസ്.ഇ.ബി. ജീവനക്കാർക്ക് കോവിഡ് ബാധിക്കുന്നതായി കണ്ടതിനാൽ ഇനി പറയുന്ന രോഗ നിർണ്ണയ-നിയന്ത്രണ നടപടികൾക്ക് ഉത്തരവാകുന്നു.

2. 8/2022/DMD, 22/2022/DMD, 40/2022/DMD എന്നീ സർക്കാർ ഉത്തരവുകൾ (അനുബന്ധമായി ചേർക്കുന്നു) കർശനമായി പാലിക്കാൻ എല്ലാ കെ.എസ്.ഇ.ബി. ഓഫീസ് മേധാവികളോടും നിഷ്കർഷിക്കുന്നു.

3. വൈദ്യുതി ഭവനിൽ 20/1/2022 നും 21/1/2022 നും രോഗലക്ഷണങ്ങൾ സംശയിക്കുന്നവർക്ക് ആർ.ടി.പി.സി.ആർ പരിശോധനാ സംവിധാനം ചീഫ് പേഴ്സണൽ ഓഫീസർ ക്രമീകരിക്കുന്നതാണ്.

4. യോഗങ്ങൾ കഴിവതും ഓൺലൈനായും എയർ കണ്ടീഷനിംഗ് ഒഴിവാക്കി വായുസഞ്ചാരം ഉറപ്പു വരുത്തിയ മുറിയിൽ 20 പേരിൽ കൂടാതെ സംഘടിപ്പിക്കേണ്ടതുമാണ്.

5. അസിസ്റ്റന്റ് എഞ്ചിനീയർ / സീനിയർ സൂപ്രണ്ട് തലത്തിൽ താഴെയുള്ള ജീവനക്കാരിൽ അതാത് ഓഫീസ് മേധാവികളുടെ വിവേചനത്തിൽ മൂന്നിലൊന്നു ജീവനക്കാർക്ക് റോസ്റ്റർ ക്രമീകരിച്ച് ഒന്നിടവിട്ട ദിവസങ്ങളിൽ വർക്ക് ഫ്രം ഹോം ക്രമീകരിക്കേണ്ടതാണ്. ഇതിനായി ഓഫീസ് മേധാവി റോസ്റ്റർ പ്രസിദ്ധീകരിക്കണം.

6. ജനറേഷൻ സ്റ്റേഷനുകളിലും സബ്സ്റ്റേഷനുകളിലും കോവിഡ് ബാധയുണ്ടായാൽ നേരിടാൻ സ്റ്റാൻഡ് ബൈ ടീമിനെ അതാത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ നിർദ്ദേശത്തിൽ ഡയറക്ടർമാർ ക്രമീകരിച്ച് നൽകേണ്ടതാണ്. പവർഹൗസുകളിലും സബ്സ്റ്റേഷനുകളിലും

ജീവനക്കാർ ഡ്യൂട്ടിയ്ക്ക് ഹാജരാകുന്നതിനു മുൻപ് ശരീരോഷ്മാവ് ദിവസവും പരിശോധിക്കേണ്ടതാണ്.

7. കസ്റ്റമർ കെയർ, എസ്.എൽ.ഡി.സി. തുടങ്ങിയ നിരന്തര പ്രവർത്തന കാര്യാലയങ്ങളിൽ വേണ്ട ക്രമീകരണത്തോടെ പാരലൽ സംവിധാനം സ്റ്റാൻഡ് ബൈ ആയി ക്രമീകരിക്കേണ്ടതാണ്.

8. രോഗലക്ഷണം വിളിച്ചറിയിക്കുന്ന ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം അതാത് ഓഫീസ് മേധാവികൾ അനുവദിക്കേണ്ടതാണ്. ജീവനക്കാരുടെ ശരീരോഷ്മാവിന്റെ പരിശോധന കർശനമാക്കേണ്ടതാണ്.

9. ചീഫ് പേഴ്സണൽ ഓഫീസർ കൺവീനറായ കോവിഡ് പ്രതിരോധ കമ്മറ്റി ഉടൻ പുന:സംഘടിപ്പിച്ച് ആഴ്ചയിൽ 3 തവണ സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തമായ നിർദ്ദേശങ്ങളും ശുപാർശകളും ബോർഡിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കു വേണ്ടി

Ramakeswar

ചീഫ് പേഴ്സണൽ ഓഫീസർ